"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/6/2021, 29/6/2021 തീയതികളിലെ 11(1), 8(1) നമ്പർ തീരുമാനങ്ങൾ- കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(2) വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ ബി).. വകുപ്പ്**

G.O.(Rt)No.416/2024/LSGD തീയതി,തിരുവനന്തപുരം, 21-02-2024

പരാമർശം:-

1. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/06/2021, 29/06/2021 തീയതികളിലെ യഥാക്രമം 11(1), 8(1) നമ്പർ തീരുമാനങ്ങൾ.
2. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/06/2021 തീയതിയിലെ സി6-1290/21 നമ്പർ കത്ത്
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28/07/2021 തീയതിയിലെ DDP-EKM/1333/2021-C3 നമ്പർ കത്ത്
4. 06/08/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ )നം. 1488/2021/തസ്വഭവ
5. ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 01/11/2023 തീയതിയിലെ 3/2021 നമ്പർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിൽ രണ്ട് പ്ലൈവുഡ് നിർമ്മാണ യൂണിറ്റുകളുടെ നിർമ്മാണത്തിനും അവ പ്രവർത്തിപ്പിക്കുന്നതിനും ജില്ലാ വ്യവസായിക കേന്ദ്രത്തിൽ നിന്നും 3 വർഷത്തേക്ക് അനുമതി ലഭിച്ചിരുന്നു. ടി പ്ലൈവുഡ് നിർമ്മാണ യൂണിറ്റുകൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുമെന്നും മാലിന്യപ്രശ്നം ഉണ്ടാക്കുമെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവയുടെ നിർമ്മാണത്തിനും അവ പ്രവർത്തിപ്പിക്കുന്നതിനും ജില്ലാ വ്യവസായിക കേന്ദ്രം നൽകിയ അനുമതി പിൻ വലിക്കുവാൻ വ്യവസായ വകുപ്പിനോട് അഭ്യർഥിക്കുവാനും അതോടൊപ്പം ടി വ്യവസായ യൂണിറ്റുകൾക്ക് ജില്ലാ വ്യവസായ കേന്ദ്രം നൽകിയ അനുമതിയ്ക്കെതിരെ അപ്പീൽ സമർപ്പിയ്ക്കുന്നതിനും അപ്പീലിൻമേൽ തീരുമാനമാകുന്നതുവരെ ടി വ്യവസായ യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തി നിർത്തി വയ്ക്കുവാൻ കത്ത് നൽകുന്നതിനുമായി പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 15.06.2021 ൽ 11(1)ാം നമ്പരായി തീരുമാനം കൈക്കൊണ്ടിരുന്നു.

2. 2019 ലെ കേരള സൂക്ഷ്മ-ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2020 ലെ കേരള സൂക്ഷമ ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കമ്പനിയ്ക്ക് ലഭ്യമായ പ്രവർത്താനുമതി നിഷേധിക്കുന്നതിനായി പഞ്ചായത്ത് കൈക്കൊണ്ട തീരുമാനം നിയമപരമല്ലെന്ന് പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് 29/06/2021 തീയതിയിലെ കമ്മിറ്റിയിലും, ടി വിഷയം 8-ാം നമ്പർ അജണ്ടയായി ചർച്ച ചെയ്യുകയും, പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന മുൻതീരുമാനത്തിൽ ഉറച്ച് നിൽക്കുകയും ചെയ്തതിനെത്തുടർന്ന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി തീരുമാനങ്ങൾ , 1994 ലെ കേരള പഞ്ചായത്ത് രാജ് ( നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻ മേൽ സ്വീകരിയ്ക്കേണ്ട നടപടി ക്രമം ) ചട്ടങ്ങൾ പ്രകാരം സർക്കാരിൽ റഫർ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ പരാമർശം (3) പ്രകാരം

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട പരാമർശം(1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെത്തുടർന്ന്, കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(4) പ്രകാരം ടി തീരുമാനങ്ങൾ സ്റ്റേ ചെയ്ത് 191(2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശ ത്തിനായി റഫർ ചെയ്ത് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

4. ഈ വിഷയത്തിൽ പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവ് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 15.06.2021 ലെ 11(1)ാം നമ്പർ തീരുമാനം നിയമവിധേയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം വ്യവസായ യൂണിറ്റുകൾക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും നൽകിയ അനുമതിയ്ക്കെതിരെ അപ്പീൽ പോകാമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നിയമവിധേയമാണെന്നും ബഹു. ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്. ടിക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടി യഥാവിധിയാണെന്നും ബഹു.ട്രൈബ്യൂണൽ വിലയിരുത്തിയിട്ടുണ്ട്.

5. ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ പരാമർശം(5) പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 15/6/2021 തീയതിയിലെ 11(1) നമ്പർ ഭരണസമിതിതീരുമാനവും, 29/6/2021 തീയതികളിലെ 8(1) നമ്പർ തീരുമാനവും നിയമാനുസൃതമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 191(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് അവ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
ജില്ല ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡന്റ്, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ )
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 21-02-2024 12:38:28
സെക്ഷൻ ഓഫീസർ